# നമ്പൂതിരിമാരെപ്പറ്റി

സി. ജെ. തോമസ്



നമ്പൂതിരിമാരെപ്പറ്റി
സി. ജെ. തോമസ്
(മലയാളം: ലേഖനം)

© 2021, C. J. Thomas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Mädchen mit Schiefertafel, a painting by Albert Anker (1831–1910). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

സി ജെ തോമസിന്റെ ലേഖനങ്ങൾ എപ്പോഴും സമകാലികമാവാനുള്ള ഒരു ശേഷി പ്രകടിപ്പിയ്ക്കുന്നു. തിരഞ്ഞെടുക്കുന്ന വിഷയങ്ങളുടെ സവിശേഷതകൾകൊണ്ടു മാത്രമല്ല അത്, ഭാഷയുടെ ചൊടികൊണ്ടുകൂടി അവ നമ്മെ ഇന്നും ആകർഷിക്കുന്നു. 'സായാഹ്ന' അവ പുനഃപ്രകാശിപ്പിക്കുന്നതിന്റെ ഒരു കാരണവും അതത്രെ. എങ്കിലും, ഈ ലേഖനങ്ങളിൽ ചിലപ്പോഴെങ്കിലും കാണാറുള്ള ലിംഗപരവും വംശീയപരവുമായ ഭാഷാ പ്രയോഗങ്ങൾ, നിർദോഷമല്ലാത്ത കളിയാക്കലുകൾ, ഞങ്ങളും ശ്രദ്ധിക്കുന്നു. പക്ഷേ, അവ അതേപോലെ തിരുത്താതെ പ്രസിദ്ധീകരിയ്ക്കുന്നു. നീതിയുടെ തെളിച്ചത്തിലേക്ക് എഴുത്തുകാരും സമൂഹവും എത്തുന്നതിലെ കാലതാമസം മറച്ചു വെയ്ക്കേണ്ടതുമല്ലല്ലോ. മാന്യ വായനക്കാർ ഇതെല്ലാം കാണുന്നുണ്ടാകുമെന്നുതന്നെ ഞങ്ങൾ കരുതുന്നു.

സായാഹ്ന പ്രവർത്തകർ.

# നമ്പൂതിരിമാരെപ്പറ്റി

പ്രിയപ്പെട്ട മി. നമ്പൂതിരി,

C. O. 33 എന്നാൽ എന്താണെന്ന് നിങ്ങൾക്കറിയാമായിരിക്കുമല്ലോ. ഇല്ലെങ്കിൽ പറയാം. അതൊരുതരം കരിമ്പാണ്. കരിമ്പുകൃഷിക്കാരുടെ മുമ്പിൽ ഒരു പ്രശ്നമുത്ഭവിച്ചു. ഓരോ ചെറിയകാറ്റു വരുമ്പോഴും കരിമ്പൊടിഞ്ഞുവീഴും. അല്ലെങ്കിൽ അതിനെല്ലാം താങ്ങുകെട്ടണം. ഈ മുട്ടാപ്പണിയിൽനിന്നു രക്ഷപ്പെടാൻ കരിമ്പിൻതണ്ടിനു ബലം കൊടുക്കുകയേ നിവൃത്തിയുള്ളു. അതിനുവേണ്ടി കോയമ്പത്തൂർ കരിമ്പു ഫാമിൽവെച്ച് കരിമ്പും ഞാങ്ങണയും കൂട്ടിച്ചേർത്ത് ഒരു പുതിയതരം കരിമ്പിനെ ജനിപ്പിച്ചു. അതാണ് C. O. 33. ഇതിനു സാധാരണ കരിമ്പിനുള്ളത്ര നീരുണ്ട്; ഞാങ്ങണയുടെ ബലവും. ഈ പുതിയ കരിമ്പ് കാറ്റത്തൊടിയുകയില്ല. കാഠിന്യം കൂടുതലായതുകൊണ്ട് കുറുക്കൻ കടിക്കയുമില്ല. അങ്ങനെ കരിമ്പുകൃഷി അഭിവൃദ്ധിപ്പെട്ടു. കൃഷിയെപ്പറ്റിയല്ല ഞാൻ പറയാൻ വന്നത്. എനിക്കു മനുഷ്യരെപ്പറ്റിയാണ് കൂടുതൽ പറയാനുള്ളത്.

ഇടയ്ക്കു കയറി ഒന്നു പറഞ്ഞുകൊള്ളട്ടെ. എനിക്ക് നിങ്ങളുടെ സംഘത്തെപ്പറ്റി വളരെ മോശമായ അഭിപ്രായമാണുള്ളത്. അതിന്റെ നടത്തിപ്പിനെപ്പറ്റിയല്ല. നിങ്ങൾക്കൊന്നും ചെയ്യാൻ കഴിയുകയില്ലെന്ന ബോധം കൊണ്ടുമല്ല. നിങ്ങൾ എന്തു ചെയ്താലും നിങ്ങളുടെ സംഘം ഉണ്ടായിയെന്നതു തന്നെയാണ് നിങ്ങളുടെ പരാജയം. വർഗ്ഗങ്ങൾക്ക് പ്രത്യേകം സംഘടനയുണ്ടാക്കുന്ന കാലം കഴിഞ്ഞു. ഇനി സാമ്പത്തികവർഗ്ഗങ്ങൾ മാത്രമേ ഉണ്ടായിരിക്കു. നിങ്ങളുടെ സംഘം നിങ്ങളുടെ വീക്ഷണഗതി കുത്സിതമാക്കാനേ സഹായിക്കു ഇതുകൊണ്ടെല്ലാം കുറെ ഗുണമുണ്ടാവുന്ന ഒരു കാലമുണ്ടായിരുന്നിരിക്കാം. ഇനിയില്ല. എല്ലാ സാമൂഹ്യാചാരങ്ങൾക്കും സാമ്പത്തികാടിസ്ഥാനമുണ്ട്. അവയിലെ ഏതു മാറ്റത്തിനും സാമൂഹ്യവ്യവസ്ഥിതി മാറ്റാനുള്ള ഉപാധികളെ ഉതകു. അതിനായി പിന്നേയും വർഗ്ഗീയഘടനയിലേക്കിറങ്ങിയാൽ, അതത്രേ സദുദ്ദേശ്യത്തോടു കൂടിയായാലും, ചെളിയിലിറങ്ങിനിന്നു കുളിക്കുന്നതുപോലെയേ ആകു. വീക്ഷണഗതിയിലാണ് മാറ്റം വരേണ്ടത്. അതു മറ്റുള്ളവരുമായി ഇടപഴകി കഴിയുന്നതുകൊണ്ടു മാത്രമേ ഉണ്ടാകു. അത് ഇന്നുവരെ യുവാക്കന്മാർക്കുപോലും ഉണ്ടായിട്ടില്ലെന്നു പറയാൻ എന്നെ അനുവദിക്കുക. ഒരു അന്യനാണ് അതറിയാൻ എളുപ്പം. പൂണൂല് വിഴുങ്ങിയാൽ പോരാ, പൊട്ടിച്ചെറിയണം. പോരെങ്കിൽ നിങ്ങളുടെ സംഘങ്ങളിൽ പണമുള്ളവരും ഇല്ലാത്തവരും തമ്മിലുള്ള സംഘട്ടനം അനിവാര്യമാണ്. കണ്ണടച്ചിരുട്ടാക്കലല്ല. അന്തർജ്ജനത്തെ പിടിച്ചു പ്രകാശത്തിലേക്കിറക്കാൻ അകത്തു കടന്ന നമ്പൂതിരികൂടി ആ ഇരുട്ടിൽത്തന്നെ കഴിയാതിരിക്കുവാനുള്ള ഒരു ഓർമ്മിപ്പിക്കൽ മാത്രമാണ്.

കരിമ്പിന്റെ കഥയാണല്ലോ പറഞ്ഞുവന്നത്. കരിമ്പിനും ഞാങ്ങണയ്ക്കും പാരമ്പര്യമായിട്ടുണ്ടായിരുന്ന കുറവുകളെ അവ തമ്മിൽ ബന്ധിപ്പിച്ച് പരിഹരിച്ചു. വെറും പരിചയമല്ല ഉല്പാദനപരമായ അടുപ്പം. ഇന്നു സസ്യശാസ്ത്രവും നരവംശശാസ്ത്രവും വളരെ അടുത്തു നിൽക്കുന്നു. C. O. 33 പോലെയുള്ള നരവംശങ്ങൾ ലോകത്തിലുണ്ട്. അവ പൊതുവേ കൂടുതൽ കഴിവുള്ളതുമാണ്.

ഇതുവെച്ച് നമുക്ക് ചിലതൊക്കെ പരിശോധിക്കാം.

ആര്യന്മാർ ഇന്ത്യയിൽ രണ്ട് തിരമാലകളായിട്ടാണു വന്നത്. രണ്ടാമതു വന്നവർ ആദ്യം വന്നവരെ തെക്കോട്ടോടിച്ചു, ആ ഓടിയവരിൽ ഒരു വിഭാഗമാണ് നമ്പൂതിരി. ആര്യൻ കേരളത്തിൽ വന്നതുമുതൽ ഇന്നുവരെ പ്രയോജനകരമായ എന്തെങ്കിലും ചെയ്തിട്ടുള്ളതായി ചരിത്രം പറയുന്നില്ല. യാതൊരു സാമ്പത്തികോല്പാദന പ്രവർത്തനത്തിലും നമ്പൂതിരിയെ കാണുകയില്ല. ഇങ്ങനെ സഹസ്രാബ്ദങ്ങളായി ഒരനാരോഗ്യകരമായ പാരമ്പര്യമാണ് നമ്പൂതിരിക്കു ലഭിച്ചത്. ഇതിനും പുറമെ തർക്കവും വേദവും ശാന്തിയുമായി കഴിച്ചകാലം ചൂഷണത്തിന്റേയും വഞ്ചനയുടേയും അലസതയുടേയും പര്യായമാണ്. ഇതുകൊണ്ടും നമ്പൂതിരി നശിക്കുകയില്ലായിരുന്നു. വർഗ്ഗശുദ്ധി കാക്കണമെന്നു നിർബന്ധമില്ലായിരുന്നെങ്കിൽ. സുഖഭോഗങ്ങൾക്ക് അബ്രാഹ്മണസ്ത്രീകളും പുത്രോൽപാദനത്തിനു മാത്രം സജാതീയ സ്ത്രീകളും എന്ന ഏർപ്പാടാണ് വർഗ്ഗത്തെ നശിപ്പിച്ചത്. വേണ്ടത്ര ജനസംഖ്യാശക്തിയില്ലാതെ വന്നതുകൊണ്ട് സ്വാധീനശക്തി മതത്തിന്റെ അന്ധവിശ്വാസങ്ങളിന്മേൽ മാത്രം ഉറച്ചുനിന്നു. അന്ധവിശ്വാസങ്ങൾ തകർന്നുതുടങ്ങിയപ്പോൾ മണലിന്മേൽ പണിത വീടുപോലെയായി.

ഇനി ചിന്താഗതി ആകെയൊന്നു മാറ്റിയേ തീരു. വർഗ്ഗത്തിൽ പുതിയ രക്തം കുത്തിവെയ്ക്കുകതന്നെ വേണം. മനുഷ്യൻ പരിതഃസ്ഥിതികളുടെ മാത്രം സൃഷ്ടിയല്ല. പാരമ്പര്യവും അതിപ്രധാനമാണ്. ചെടികൾക്കും മൃഗങ്ങൾക്കും വർണ്ണസങ്കരം പ്രായോഗികമാണെങ്കിൽ മനുഷ്യനും അത് ഉത്തമമാണ്. അറബികളുമായി വൻതോതിൽ മിശ്രവിവാഹം നടത്തുക. ഇന്നത്തെ പരിതഃസ്ഥിതിയിൽ അങ്ങനെയൊരു പ്രസ്ഥാനം തുടങ്ങാൻ നിങ്ങൾക്കു കഴിവുണ്ടാകുമോ എന്ന് ഞാൻ സംശയിക്കുന്നു. പക്ഷേ, ഒന്നു നിങ്ങൾക്കു കഴിയും: അതിനെപ്പറ്റി ചിന്തിക്കുക, പഠിക്കുക, അതിനാരെങ്കിലും മുതിർന്നാൽ അതിന്റെമേൽ ചെളിവാരിയെറിയാനും സ്മാർത്തവിചാരം നടത്താനും ഉള്ള ആഗ്രഹം കുറയ്ക്കുക. ഒന്നുകൂടി ചോദിക്കട്ടെ. ഇനി നിങ്ങളെ ആദ്യം 'തിരുമേനി' എന്നു വിളിക്കുന്ന ആളിനെ കരണത്തടിക്കാമോ? ആ വിളി ഇന്നു നിങ്ങളെ അധിക്ഷേപിക്കുകയാണ്. തല്ക്കാലം നിറുത്തട്ടെ. പറഞ്ഞതൊന്നും തെറ്റിദ്ധരിക്കുകയില്ലല്ലോ.

എന്ന് നിങ്ങളുടെ,
സി. ജെ. തോമസ്.

യുവശക്തി.
ധിക്കാരിയുടെ കാതൽ 1955.

# സി. ജെ. തോമസ്



മലയാള നാടകകൃത്തും സാഹിത്യ നിരൂപകനുമായിരുന്ന സി. ജെ. തോമസ് (നവംബർ 14, 1918–ജൂലൈ 14, 1960) എന്നറിയപ്പെടുന്ന ചൊള്ളമ്പേൽ യോഹന്നാൻ തോമസ്. മലയാള നാടകസാഹിത്യത്തെ ആധുനിക ഘട്ടത്തിലെത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഇദ്ദേഹം പത്രപ്രവർത്തകൻ, ചിത്രകാരൻ എന്നീ നിലകളിലും അറിയപ്പെട്ടിരുന്നു.

1918-ൽ കൂത്താട്ടുകുളത്തെ പ്രമുഖ ക്രിസ്തീയ വൈദികന്റെ മകനായി ജനിച്ച സി. ജെ. വൈദിക വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് ളോഹ ഉപേക്ഷിച്ച് തിരിച്ചുപോന്ന് വിപ്ലവം സൃഷ്ടിച്ചു. രണ്ട് വർഷക്കാലം വടകര സെന്റ് ജോൺസ് ഹൈസ്കൂളിലും തുടർന്ന് എം. പി. പോൾസ് കോളേജിലും അധ്യാപകനായി ജോലിനോക്കിയിരുന്ന അദ്ദേഹം പിന്നീട് അവസാനം വരെ പത്രപ്രവർത്തനരംഗത്ത് സജീവമായിരുന്നു. സാഹിത്യ പ്രവർത്തക സഹകരണസംഘം, ആകാശവാണി, ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റ് എന്നിവയിലും പ്രവർത്തിച്ചു.

സാഹിത്യ പ്രവർത്തക സഹകരണസംഘം വക പുസ്തകങ്ങളുടെ പുറംചട്ടകൾക്ക് അത്യധികം ആകർഷകങ്ങളായ ചിത്രങ്ങൾ വരച്ച് മലയാള പുസ്തകങ്ങളുടെ പുറംചട്ട രൂപകല്പനയുടെ രംഗത്ത് മാറ്റങ്ങളുടെ തുടക്കം കുറിച്ചത് സി. ജെ.-യാണ്.

പ്രസിദ്ധ സാഹിത്യകാരനായിരുന്ന എം. പി. പോളിന്റെ മൂത്ത പുത്രി റോസിയെയാണ് വിവാഹം ചെയ്തത്. റോസി തോമസ് സി. ജെ.-യുടെ മരണശേഷം അറിയപ്പെടുന്ന സാഹിത്യകാരിയായി.

പ്രശസ്ത കവയിത്രി മേരി ജോൺ കൂത്താട്ടുകുളം സി. ജെ. തോമസിന്റെ മൂത്ത സഹോദരിയായിരുന്നു. 1960 ജൂലൈ 14-ന് 42-ാം വയസ്സിൽ സി. ജെ. അന്തരിച്ചു.

RIVER VALLEY
DIGITAL LIBARY
*empowering the author …*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ | രൂപ | 238 |
| (119 വീതം ആറു മാസത്തിലൊരിക്കൽ) | | |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്ങിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതികമുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച് അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014